## ബംഗ്ലാദേശിലെ പൊള്ളലേറ്റവർക്ക് അടിയന്തര വൈദ്യസഹായം

ജൂലൈ 22, 2025

2025 ജൂലൈ 21, ന്, ധാക്കയിലുണ്ടായ ദാരുണമായ വിമാനാപകടത്തിൽ ജീവനുകൾ പൊലിഞ്ഞതിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തുകയും പിന്തുണയും സഹായവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

2. പൊള്ളലേറ്റവരെ ചികിത്സിക്കുന്നതിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒരു സംഘം പരിക്കേറ്റവരെ ചികിത്സിക്കുന്നതിനായി ഉടൻ ധാക്ക സന്ദർശിക്കും. രോഗികളുടെ അവസ്ഥ അവർ വിലയിരുത്തുകയും ആവശ്യമെങ്കിൽ ഇന്ത്യയിൽ തുടർ ചികിത്സയ്ക്കും പ്രത്യേക പരിചരണത്തിനും ശുപാർശ നൽകുകയും ചെയ്യും. അവരുടെ പ്രാഥമിക വിലയിരുത്തലിന്റെയും ചികിത്സയുടെയും അടിസ്ഥാനത്തിൽ കൂടുതൽ വൈദ്യസംഘത്തെ ധാക്കയിലേക്ക് അയക്കും.

**ന്യൂഡൽഹി**

**ജൂലൈ 22, 2025**